**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2360 09.12.14-ലെ മറുപടിക്ക്**

## "അനധികൃത ചിട്ടിസ്ഥാപനങ്ങൾ"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടി സ്ഥാപനങ്ങളിൽ പോലീസ് സഹായത്തോടെയും അല്ലാതെയും പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽ നിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിരിച്ചെടുക്കുകയും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ദി ചിട്ട് ഫണ്ട്സ് ആക്ട്, 1982-ന വിധേയമായി തുടർ നടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്ത് വ്യാജചിട്ടികൾ നിയന്ത്രിക്കുന്നതു-മായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിലയിരുത്തുന്നതിനായി നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, കെ. എസ്. എഫ്. ഇ. മാനേജിംഗ് ഡയറക്ടർ, ഡി.ജി.പി.യുടെ പ്രതിനിധി, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല മോണിറ്ററിംഗ്കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ രജിസ്ട്രാർ |

| | | | |
|---|---|---|---|
| | | | കൺവീനറും ജില്ലാ പോലീസ് സൂപ്രണ്ട് / സിറ്റി പോലീസ് കമ്മീഷണർ, സെയിൽസ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ, ചിട്ടി ഇൻസ്പെക്ടർ / ചിട്ടി ആഡിറ്റർ എന്നിവർ അംഗങ്ങളുമായി ജില്ലാതല മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് വകുപ്പിന്റെ ആസ്ഥാനത്ത് നിലവിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു നോഡൽ ഓഫീസറെ നിയമിച്ച് ഒരു കേന്ദ്രീകൃത സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നിലവിൽ വന്നതിനുശേഷം പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പി ലാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാനത്ത് നിലവിൽ ചിട്ടി വിഭാഗം മേധാവിയായി അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് ചിട്ടി / ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ഹെഡ്ക്വാർട്ടേഴ്സ്), ഒരു ചിട്ടി പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടർ, ഒരു ജൂനിയർ സൂപ്രണ്ട്, മൂന്ന് ക്ലർക്കുമാർ എന്നീ ഉദ്യോഗസ്ഥരുണ്ട്. കൂടാതെ ചിട്ടി തർക്കപരിഹാരത്തിനായി 1982-ലെ കേന്ദ്ര ചിട്ടി നിയമത്തിലെ 64-ാം വകുപ്പുപ്രകാരം ഒരു ചിട്ടി ആർബിട്രേറ്ററെയും നിയമിച്ചിട്ടുണ്ട്. ഇതിനും പുറമെ വ്യാജചിട്ടികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി സംസ്ഥാന ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നോഡൽ ഓഫീസറെ നിയമിച്ച് ഒരു കേന്ദ്രീകൃത സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന്റെ ആവശ്യകത ഉള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ.